(ഇ & എഫ്) ഇക്കാര്യം പരിശോധിച്ചു വരുന്നു.

(ജി) ഭക്ഷ്യമായം ചേർക്കൽ നിരോധന ചട്ടങ്ങളിൽ, ലഘുപാനീയങ്ങളിലെ അനുവദനീയമായ കീടനാശിനി അളവ് നിജപ്പെടുത്തിയിട്ടില്ല. ആവശ്യമായ വ്യവസ്ഥകൾ ചട്ടങ്ങളിൽ ഉൾപ്പെടുത്തുന്ന മുറയ്ക്ക് കൂടുതൽ ഫലപ്രദമായ നടപടികൾ സ്വീകരിക്കാൻ കഴിയും.

വികസന ബ്ലോക്കുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുവാൻ പദ്ധതി

151 [152] ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വികസന ബ്ലോക്കുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി കമ്പ്യൂട്ടർവത്ക്കരണം നടത്തുന്നതിന് സംസ്ഥാന സർക്കാർ ഏതെങ്കിലും പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതികളുടെ വിശദാംശം വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത പദ്ധതിക്ക് കേന്ദ്രത്തിന്റെയോ മറ്റ് ഏതെങ്കിലും വിദേശ ഏജൻസികളുടെയോ ധനസഹായം ലഭ്യമാകുന്നുണ്ടോ എന്ന് വെളിപ്പെടുത്തുമോ?.

ഉത്തരം

(എ) ഉണ്ട്.

(ബി) ബ്ലോക്കുകളുടെ കമ്പ്യൂട്ടർവത്ക്കരണത്തിന്റെ ഭാഗമായി 1998, 1999 വർഷങ്ങളിൽ രണ്ടു കമ്പ്യൂട്ടറുകൾ അനുബന്ധ ഉപകരണങ്ങൾ സഹിതം എല്ലാ വികസന ബ്ലോക്കുകൾക്കും നൽകിയിരുന്നു. ഇത് കൂടാതെ എല്ലാ ബ്ലോക്കുകളിലും ഇന്റർനെറ്റ് കണക്ടിവിറ്റിയും ഇ-മെയിൽ സൗകര്യവും ഇപ്പോൾ ലഭ്യമാക്കിയിട്ടുണ്ട്.

(സി) ഇല്ല.

നീർത്തട വികസന പദ്ധതികൾ

152 [153] ഡോ. തോമസ് ഐസക്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സ ാ മറുപടി നൽകുമോ:

(എ) ഗ്രാമവികസനവകുപ്പ് നേരിട്ടും സന്ന ധ സംഘടനകൾ മുഖാന്തിരവും സംസ്ഥാനത്ത് എത്ര നീർത്തട വികസന പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളുടെ പേര്, നീർത്തടത്തിന്റെ വിസ്തീർണ്ണം, നീർത്തടം സ്ഥിതി ചെയ്യുന്ന പഞ്ചായത്ത്, ബ്ലോക്ക്, ആകെ അടങ്കൽ തുക, പദ്ധതികളുടെ കാലാവധി, ഓരോ പ്രവർത്തനങ്ങൾക്കും വേണ്ടി 31-12-2003 വരെ ചെലവഴിച്ച തുക എന്നിവ ഓരോന്നും പ്രത്യേകമായി വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കേന്ദ്രാവിഷ്കൃത പദ്ധതിയായ സമഗ്ര തരിശുഭൂമി വികസന പദ്ധതി പ്രകാരം നീർത്തട വികസന പദ്ധതികൾ ഗ്രാമവികസനവകുപ്പ് കണ്ണൂർ, കാസർഗോഡ്, ഇടുക്കി എന്നീ ജില്ലകളിൽ ഓരോന്നും വീതം നടപ്പിലാക്കി വരുന്നു.

(ബി) വിശദവിവരം അനുബന്ധമായി ചേർക്കുന്നു.†

തോട്ടത്തറയിലെ സെറികൾച്ചർ കോംപ്ലക്സിന്റെ പ്രവർത്തനങ്ങൾ

153 [154] ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തോട്ടത്തറയിൽ പ്രവർത്തിക്കുന്ന സെറികൾച്ചർ കോംപ്ലക്സ് മാതൃകാ സ്ഥാപനമാക്കുമെന്ന ഗവൺമെന്റ് പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നുവെന്ന് വ്യക്തമാക്കാമോ?;

(ബി) ഏതെല്ലാം വികസന പരിപാടികളും സാങ്കേതിക പ്രവർത്തനങ്ങളുമാണ് തുടർന്ന് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്;

(സി) സെറികൾച്ചർ കോംപ്ലക്സിലൂടെ ഏതെല്ലാം പ്രദേശങ്ങളിലുള്ളവർക്ക് കൂടുതൽ തൊഴിൽ സാദ്ധ്യത ലഭ്യമാകും എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) തോട്ടത്തറയിലുള്ള സെറികൾച്ചർ കോംപ്ലക്സിൽ ഒരു ലക്ഷം മൾബറി വിത്ത് തൈകൾ ഉല്പാദിപ്പിക്കുന്നതിനുള്ള പദ്ധതികൾക്കായി 49,600 രൂപ അനുവദിച്ചിട്ടുണ്ട്. ഇതിനകം 45,000 വിത്ത് തൈകൾ ഉല്പാദിപ്പിച്ച് വിതരണം ചെയ്തിട്ടുണ്ട്. ഇതു കൂടാതെ ഒരേക്കർ സ്ഥലത്തുകൂടി മൾബറി കൃഷി വ്യാപിപ്പിക്കുകയും 2003 ഏപ്രിൽ മുതൽ ഡിസംബർ വരെ 105 കിലോഗ്രാം കൊക്കൂൺ ഉല്പാദിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇതേ കാലയളവിൽ 25 കർഷകർക്കും 12 ജീവനക്കാർക്കും കോഴഞ്ചേരി ഗ്രാമ പഞ്ചായത്ത് നിർദ്ദേശിച്ച 10 വനിതകൾക്കും ഇവിടെ വച്ച് പരിശീലനം നൽകിയിട്ടുണ്ട്.

(ബി) സർക്കാർ നിർദ്ദേശിച്ചിട്ടുള്ള ഭേദഗതി അനുസരിച്ച് വാണിജ്യാടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങൾ പ്രാദേശിക കുടുംബശ്രീ യൂണിറ്റുകൾ മുഖേനയും പട്ടുനൂൽ പുഴു വളർത്തൽ പരിശീലനവും അനുബന്ധ മൾബറി തോട്ട പരിപാലനവും മൾബറി വിത്ത് തൈകളുടെ ഉല്പാദനവും സെറിഫെഡ് മുഖേനയും നടപ്പിലാക്കുന്നതിനുള്ള ഭേദഗതി ചെയ്ത പദ്ധതി പരിശോധനയിലാണ്.

† അനുബന്ധം VII.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം VII

[19-1-2004-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 152 (153)-ന്റെ ഉത്തരം ദയവായി കാണുക]

പദ്ധതിയുടെ പേര്	നീർത്തടത്തിന്റെ വിസ്തീർണം (ഹെക്ടർ)	നീർത്തടം സ്ഥിതി ചെയ്യുന്ന പഞ്ചായത്ത്	ബ്ലോക്ക്	ആകെ അടങ്ങൽ തുക	പദ്ധതികളുടെ കാലാവധി	31-12-2003 വരെ ചെലവഴിച്ച തുക
(1)	(2)	(3)	(4)	(5)	(6)	(7)
സംയോജിത തരിശുഭൂമി വികസന പരിപാടി-കാസർഗോഡ്	12065	1. കിനാനൂർ കരിന്തളം 2. നീലേശ്വരം 3. ബളാൽ 4. മടിക്കൈ 5. കോടംബേലൂർ 6. ബേഡഡുക്ക 7. ചെമ്മനാട് 8. പനത്തടി 9. പൈവളിക 10. പുത്തിഗെ 11. മീഞ്ച	നീലേശ്വരം കാസർഗോഡ് മഞ്ചേശ്വരം	723.90 ലക്ഷം	2000-01 മുതൽ 2004-05 വരെ	205.80 ലക്ഷം
സംയോജിത തരിശുഭൂമി വികസന പരിപാടി-ഇടുക്കി	10080	1. വാഴത്തോപ്പ് 2. മരിയാപുരം 3. കഞ്ഞിക്കുഴി 4. വട്ടവട 5. അയ്യപ്പൻ കോവിൽ 6. വണ്ടൻമേട്	ഇടുക്കി ദേവികുളം കട്ടപ്പന	403.20 ലക്ഷം	1995-96 മുതൽ 1998-99 (31-3-2003 വരെ നീട്ടിയിട്ടുണ്ട്)	337.54 ലക്ഷം

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)	(4)	(5)	(6)	(7)
സംയോജിത	7406	1. പെരിങ്ങോം	പയ്യന്നൂർ	444.36 ലക്ഷം	2000-01 മുതൽ	59.59 ലക്ഷം
തരിശുഭൂമി		2. ആലക്കോട്	തളിപ്പറമ്പ്		2004-05 വരെ	
വികസന		3. കുറുമാത്തൂർ	ഇരിക്കൂർ			
പദ്ധതി-കണ്ണൂർ		4. പരിയാരം	ഇരിട്ടി			
		5. മലപ്പട്ടം	കൂത്തുപറമ്പ്			
		6. എരുവേശി	തലശ്ശേരി			
		7. ശ്രീകണ്ഠാപുരം	എടക്കാട്			
		8. പായം				
		9. തില്ലങ്കേരി				
		10. വേങ്ങാട്				
		11. കുന്നോത്തുപറമ്പ്				
		12. കരിയാട്				
		13. അഞ്ചരക്കണ്ടി				